**File No.SJD/1907/2020-D1**

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ: ഷീബ ജോർജ്ജ് IAS)

[illegible]

തിരുവനന്തപുരം,
തീയതി. 11/06/2020

---

വിഷയം: സാമൂഹ്യനീതി വകുപ്പ് -തുടർ പദ്ധതികളായി നടപ്പിലാക്കി വരുന്ന ഭിന്നശേഷിക്കാർക്കുള്ള വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾക്ക് 2020-21 വർഷം ഭരണാനുമതി നൽകിയും,പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ഒന്നാംഘട്ടം തുക അനുവദിച്ചും ഉത്തരവാകുന്നു.

പരാമർശം :
1) സഉ(സാധാ)നം.274/2017/സാനീവ .തീയതി 15.05.2017
2)സഉ(ആർടി)നം.334/2017/സാനീവ. തീയതി 01.06.2017
3)സഉ(ആർടി)നം.742/2017/സാനീവ. തീയതി 04.11.2017
4)സഉ(ആർടി)നം.310/2018/സാനീവ. തീയതി 25.05.2018
5)സഉ(സാധാ)നം.520/2016/സാനീവ. തീയതി 11.11.2016

സമൂഹത്തിൽ തികച്ചും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗമായ ഭിന്നശേഷിക്കാർക്കായി പരാമർശം 1-5 വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ആരംഭിച്ചിട്ടുള്ളതും തുടർ പദ്ധതികളായി ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ മുഖേന നടത്തിവരുന്നതുമായ വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളായ വിദ്യാകിരണം, വിദ്യാജ്യോതി,സ്വാശ്രയ,പരിരക്ഷ , വിദൂര വിദ്യാഭ്യാസത്തിനുള്ള ധനസഹായം എന്നീ പദ്ധതികൾക്ക് 2020-21 വർഷം ഓരോ ജില്ലയ്ക്കും ചുവടെ പറയും പ്രകാരം തുക കണക്കാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | പദ്ധതികൾക്ക് ഓരോ ജില്ലയ്ക്കും വകയിരുത്തിയ തുക | | | | |
|---|---|---|---|---|---|---|
| | | വിദ്യാ കിരണം | വിദ്യാ ജ്യോതി | സ്വാശ്രയ | പരിരക്ഷ | വിദൂര വിദ്യാഭ്യസം |
| 1 | തിരുവനന്ത പുരം | 2050000 | 300000 | 650000 | 500000 | ആകെ 10 പേർക്ക് |
| 2 | കൊല്ലം | 2050000 | 300000 | 650000 | 500000 | |
| 3 | പത്തനംതിട്ട | 2050000 | 300000 | 650000 | 500000 | |
| 4 | ആലപ്പുഴ | 2050000 | 300000 | 650000 | 500000 | |
| 5 | കോട്ടയം | 2050000 | 300000 | 650000 | 500000 | |
| 6 | **ഇടുക്കി** | 2050000 | 300000 | 650000 | 500000 | |
| 7 | എറണാകുളം | 2050000 | 300000 | 650000 | 500000 | |

| | | | | | | |
|---|---|---|---|---|---|---|
| 8 | തൃശ്ശൂർ | 2050000 | 300000 | 650000 | 500000 | |
| 9 | പാലക്കാട് | 2050000 | 300000 | 650000 | 500000 | |
| 10 | മലപ്പുറം | 2050000 | 300000 | 650000 | 500000 | |
| 11 | കോഴിക്കോട് | 2050000 | 300000 | 650000 | 500000 | |
| 12 | വയനാട് | 2050000 | 300000 | 650000 | 500000 | |
| 13 | കണ്ണൂർ | 2050000 | 300000 | 650000 | 500000 | |
| 14 | കാസർകോട് | 2050000 | 300000 | 650000 | 500000 | |
| | ആകെ | 2,87,00,000 | 42,00,000 | 91,00,000 | 70,00,000 | 1,00,000 |

ഭിന്നശേഷിക്കാർക്കായി വകുപ്പ് മുഖേന നടത്തിവരുന്ന ഈ പദ്ധതികളുടെ ഗുണഫലം സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി മുൻ വർഷങ്ങളിൽ പദ്ധതികൾക്ക് വകയിരുത്തിയ തുകയുടെ 80 ശതമാനം വരെ മുൻകൂറായി അനുവദിച്ചിരുന്നു. തുടർപദ്ധതികളായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ വഴി നടത്തിവരുന്ന പദ്ധതികളുടെ ആനുകൂല്യം ഭിന്നശേഷിക്കാരായ വ്യക്തികൾക്കും അവരുടെ ആശ്രിതർക്കും സമയബന്ധിതമായി ലഭിക്കുന്നതിനായി നടപ്പുവർഷവും ഈ പദ്ധതികൾക്ക് നിശ്ചിത തുക മുൻകൂറായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അനുവദിക്കേണ്ടതായിട്ടുണ്ട്. എന്നാൽ നടപ്പുവർഷം ഈ പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ഒന്നാം ഘട്ടമായി 2019-20 വർഷം ഓരോ പദ്ധതികൾക്കും ജില്ലാതലത്തിൽ ചെലവായിട്ടുള്ള തുകയുടെ 80 ശതമാനം തുക മാത്രം അനുവദിച്ചാൽ മതിയെന്ന് വിലയിരുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ തുടർ പദ്ധതികളായി നടത്തിവരുന്ന ഭിന്നശേഷിക്കാർക്കുള്ള വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളായ വിദ്യാകിരണം , വിദ്യാജ്യോതി, സ്വാശ്രയ, പരിരക്ഷ , വിദൂര വിദ്യാഭ്യാസത്തിനുള്ള ധനസഹായം എന്നീ പദ്ധതികൾ 2020-21 വർഷം നടപ്പിലാക്കുന്നതിനു ഭരണാനുമതി നൽകിയും, കഴിഞ്ഞസാമ്പത്തിക വർഷം ഈ പദ്ധതികൾക്ക് ജില്ലാതലത്തിൽ ചെലവായ തുകയുടെ 80% തുക മാത്രം നടപ്പുവർഷം ആദ്യ ഘട്ടമായി ഓരോ ജില്ലാ ഓഫീസർമാർക്കും താഴെ കാണും പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| ഭിന്നശേഷിക്കാർക്കുള്ള വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ 2020-21 | | | | | | | |
|---|---|---|---|---|---|---|---|
| 2020-21 വർഷം ഓരോ ജില്ലയ്ക്കും ആദ്യഘട്ടമായി അനുവദിക്കുന്ന തുകയുടെവിവരം | | | | | | | |
| ക്രമ നമ്പർ | ജില്ല | ഓരോ ജില്ലയ്ക്കും ആദ്യ ഘട്ടം അനുവദിക്കുന്ന തുക | | | | | പദ്ധതികൾക്കായി ഓരോ ജില്ലയ്ക്കും ആദ്യഘട്ടമായി ആകെഅനുവദിക്കുന്ന തുക |
| | | വിദ്യാ കിരണം | വിദ്യാ ജ്യോതി | സ്വാശ്രയ | പരിരക്ഷ | വിദൂര വിദ്യാഭ്യാസം | |
| 1 | തിരുവനന്തപുരം | 944000 | 239600 | 420000 | 360000 | 0 | 1963600 |
| 2 | കൊല്ലം | 944800 | 205800 | 56000 | 14400 | 34900 | 1255900 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | പത്തനംതിട്ട | 1171200 | 111200 | 112000 | 127900 | 0 | 1522300 |
| 4 | ആലപ്പുഴ | 940000 | 99800 | 420000 | 53500 | 0 | 1513300 |
| 5 | കോട്ടയം | 944000 | 191800 | 280000 | 0 | 0 | 1415800 |
| 6 | ഇടുക്കി | 1181600 | 121800 | 364000 | 15300 | 0 | 1682700 |
| 7 | എറണാകുളം | 893600 | 146100 | 392000 | 0 | 0 | 1431700 |
| 8 | തൃശൂർ | 1181600 | 239800 | 140000 | 0 | 0 | 1561400 |
| 9 | പാലക്കാട് | 944000 | 155300 | 420000 | 70800 | 24000 | 1614100 |
| 10 | മലപ്പുറം | 1181600 | 239600 | 420000 | 11000 | 0 | 1852200 |
| 11 | കോഴിക്കോട് | 672400 | 84200 | 420000 | 30000 | 0 | 1206600 |
| 12 | വയനാട് | 944400 | 118900 | 336000 | 12000 | 0 | 1411300 |
| 13 | കണ്ണൂർ | 1180400 | 234800 | 28000 | 53100 | 0 | 1496300 |
| 14 | കാസർകോട് | 945200 | 70000 | 0 | 4200 | 0 | 1019400 |
| | ആകെ | 14068800 | 2258700 | 3808000 | 752200 | 58900 | 20946600 |

(രണ്ട് കോടി ഒമ്പത് ലക്ഷത്തി നാല്പത്താറായിരത്തി അറുനൂറ് രൂപ മാത്രം)

മേൽ പറയും പ്രകാരമുള്ള തുക 2,09,46,600/-(രണ്ട് കോടി ഒമ്പത് ലക്ഷത്തി നാല്പത്താറായിരത്തി അറുനൂറ് രൂപ മാത്രം ) അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം മാറി നൽകുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അനുമതി നൽകുന്നു.

പ്രസ്തുത പദ്ധതികൾക്കായി വേണ്ടി വരുന്ന ചെലവ് നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-60-200-83(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് അനുവദിക്കുന്ന തുക ഈ നടപടിക്രമങ്ങൾക്കൊപ്പമുള്ള സർക്കുലർ പ്രകാരം വിനിയോഗിക്കേണ്ടതും തുടർന്ന് ഓരോ പദ്ധതിക്കും ആവശ്യമായ ഫണ്ടിനായി അപേക്ഷിക്കേണ്ടതുമാണ്. വിനിയോഗിച്ച തുക സംബന്ധിച്ച വിവരം ധനവിനിയോഗ സർട്ടിഫിക്കറ്റ് സഹിതം എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ ഓഫീസർമാർക്കും

<u>പകർപ്പ് :</u>

1. സൂപ്രണ്ട് എ സെക്ഷൻ
2. സൂപ്രണ്ട് പിസി സെക്ഷൻ
3. ഫയൽ /സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്